## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ ***102** 02-03-2017 -ൽ മറുപടിക്ക്

## കേരളത്തിലെ വരൾച്ച

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ജെയിംസ് മാത്യൂ**<br>**ശ്രീ. എം.രാജഗോപാലൻ**<br>**ശ്രീ.കെ.വി.വിജയദാസ്**<br>**ശ്രീ. വി.അബ്ദുറഹിമാൻ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എല്ലാ ജില്ലകളെയും വരൾച്ച ബാധിതമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച ദുരിതാശ്വാസ നടപടികൾ എന്തെല്ലാമാണ്; | എ) | സംസ്ഥാനത്ത് വരൾച്ച പ്രഖ്യാപിച്ചതിന് ശേഷം 31/10/2016 -ലെ 42830/കെ3/2016/ഡി.എം.ഡി. നമ്പർ സർക്കുലർ പ്രകാരം വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 26 ഇന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. **(പരിപത്രം അനുബന്ധമായി ചേർക്കുന്നു)** ജില്ലയിലെ വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ ജില്ലയുടെ ചുമതലയുള്ള മന്ത്രിയുടെ മേൽനോട്ടത്തിൽ വിലയിരുത്തുന്നതിനും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന യോഗങ്ങൾ ജില്ലാ / താലൂക്ക് / തദ്ദേശ സ്വയംഭരണ തലങ്ങളിൽ നടത്തുന്നതിനും നിർദ്ദേശിച്ചതിൻപ്രകാരം പ്രസ്തുത യോഗങ്ങൾ വിവിധ ജില്ലകളിൽ കൂടുകയും വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. 11.11.2016-ലെ സ.ഉ (സാധാ: നം.4743/2016/ഡി.എം.ഡി ഉത്തരവ് പ്രകാരം എല്ലാ ജില്ലകൾക്കും 50 ലക്ഷം രൂപ വീതം ആകെ 7 കോടി രൂപ കുടിവെള്ള വിതരണത്തിനായും, കൃഷിനാശത്തിനുള്ള ആശ്വാസ ധനസഹായമായി 13 കോടി രൂപയും അനുവദിച്ചു. **(ഉത്തരവ് അനുബന്ധമായി ചേർക്കുന്നു)** വരൾച്ചയുടെ കാഠിന്യം മൂലം വന്യ മൃഗങ്ങളുടെ ആക്രമണം വർധിക്കുന്നത് ചെറുക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിലയിരുത്താൻ, ചീഫ് സെക്രട്ടറിയും, റവന്യൂ വകുപ്പ് സെക്രട്ടറിയും, അഭ്യന്തര വകുപ്പ് സെക്രട്ടറിയും, വനം വകുപ്പ് ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി സ്ഥിതിഗതികൾ വിലയിരുത്തു കയുമുണ്ടായി. 19.12.2016 ലെ സ.ഉ.(കൈ) നം.598/2016/റവ നമ്പർ ഉത്തരവ് പ്രകാരം കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകളിന്മേലുള്ള ജപ്തിനടപടികൾക്ക് 2017 മെയ് മാസം 31 വരെ |

| | | | |
|---|---|---|---|
| | | | മോറട്ടോറിയം പ്രഖ്യാപിച്ചു. **(ഉത്തരവ് അനുബന്ധമായി ചേർക്കുന്നു)** 11.11.2016, 17.12.2016, 05.01.2017, 30.01.2017, 15.02.2017 എന്നീ തീയതികളിൽ ചീഫ് സെക്രട്ടറിയും 31.01.2017-ൽ ബഹു: മുഖ്യമന്ത്രിയും ജില്ലാ കളക്ടർമാരുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും വീഡിയോ കോൺഫറൻസ് വഴി ജില്ലകളുടെ വരൾച്ചാ പ്രതികരണ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ദുരന്ത നിവാരണ നിയമം 2005 പ്രകാരം ഭൂഗർഭ ജലത്തിന്റെ അനിയന്ത്രിതമായ ഉപയോഗം നിയന്ത്രിക്കുന്നതിനും ഭൂഗർഭ ജലം വിനിയോഗിച്ചുകൊണ്ടുള്ള വ്യവസായങ്ങൾക്ക് അവയുടെ നിലവിലുള്ള വിനിയോഗം കുറയ്ക്കുന്നതിന് നിർദ്ദേശം നൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്വകാര്യ കുഴൽക്കിണർ നിർമ്മാണം 31.05.2017 വരെ നിയന്ത്രിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. **(പരിപത്രം അനുബന്ധമായി ചേർക്കുന്നു.)** 20.02.2017-ലെ സ.ഉ.(സാധാ) നം.714/2017/ ഡി.എം.ഡി. നമ്പർ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയ്ക്ക് 2.5 കോടി രൂപയും വയനാട് ജില്ലയ്ക്ക് 2 കോടി രൂപയും മറ്റ് എല്ലാ ജില്ലകൾക്കും 1.5 കോടി രൂപയും ഉൾപ്പെടെ ആകെ 22.5 കോടി രൂപ കുടിവെള്ള വിതരണത്തിനായി അനുവദിച്ചു. **(ഉത്തരവ് അനുബന്ധമായി ചേർക്കുന്നു)** 23.02.2017-ലെ സ.ഉ.(സാധാ)നം.787/2017/ഡി.എം.ഡി. ഉത്തരവ് പ്രകാരം വാട്ടർ കിയോസ്കുകളിലും ടാങ്കർ മുഖാന്തിരവും കുടിവെള്ള വിതരണം നടത്തുന്നതിന് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു **(ഉത്തരവ് അനുബന്ധമായി ചേർക്കുന്നു).** വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുവാനായി ടാങ്കുകളുടെ റേറ്റ് കോൺട്രാക്ട് നിർണ്ണയിച്ചിട്ടുണ്ട്. 2 മാസം കൊണ്ട് പോളിമർ ടാങ്ക് നിർമ്മാതാക്കൾക്ക് ലഭ്യമാക്കാവുന്ന 2000 മുതൽ 10000 ലിറ്റർ വരെ ശേഷിയുള്ള BIS മാനദണ്ഡം പാലിക്കുന്ന ടാങ്കുകളുടെ എണ്ണം 5000 മാത്രം ആയതിനാൽ വാട്ടർ കിയോസ്കുകൾ വഴിയുള്ള ജലവിതരണത്തിന് പുറമെ GPS ഘടിപ്പിച്ച ടാങ്കർ ലോറികൾ വഴിയും കുടിവെള്ള വിതരണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, കെ.എസ്.ആർ.ടി. സി.ബസ്സുകളിലും സാമൂഹ്യമാധ്യമങ്ങളിലും റേഡിയോയിലും 'ജലത്തെ ബഹുമാനിക്കുക. വരൾച്ചയെ പ്രതിരോധിക്കുക' എന്ന പരസ്യ വാചകം ഉൾപ്പെടുത്തി |

| | | | |
|---|---|---|---|
| | | | ജലവിനിയോഗം കാര്യക്ഷമമാക്കുവാൻ പ്രചരണം നടത്തി വരുന്നു. ജില്ലകളിലെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും 24 മണിക്കൂറും സജ്ജമായിട്ടുള്ള കൺട്രോൾറൂമുകളുടെ സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള കുടിവെള്ള ആവശ്യം വിളിച്ചറിയിക്കുവാൻ പ്രാപ്തമായ രീതിയിൽ ജില്ലാ അടിയന്തിരഘട്ട കാര്യ നിർവ്വഹണ കേന്ദ്രം പ്രവർത്തിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട് |
| ബി) | ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിൽ നിന്ന് ഏതു തരത്തിലുള്ള സഹായങ്ങൾ അഭ്യർത്ഥിച്ചെന്നും കേന്ദ്ര സർക്കാർ അനുവദിച്ചത് ഏതൊക്കെയെന്നും അറിയിക്കാമോ; | ബി) | സംസ്ഥാനത്തിന്റെ പ്രാപ്തിക്ക് അതീതമായി വരൾച്ചാ സാഹചര്യം രൂക്ഷമായേക്കും എന്ന വിലയിരുത്തലിൽ കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് വരൾച്ചയ്ക്ക് അധിക സഹായം ആവശ്യപ്പെട്ടുകൊണ്ട് മെമ്മോറാണ്ടം നൽകുവാൻ 22-02-2017-ൽ ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചു. 991 കോടി രൂപയാണ് അധിക സഹായമായി ആവശ്യപ്പെടുന്നത്. കേന്ദ്ര സർക്കാരിന് ഏറ്റവും ഉചിതമായ സമയത്ത് സമർപ്പിക്കുന്നതിനാവശ്യമായ മെമ്മോറാണ്ടം തയാറാക്കിയിട്ടുണ്ട്. |
| സി) | ജനങ്ങളുടെയും വളർത്തുമൃഗങ്ങളുടെയും സുരക്ഷയ്ക്കായി എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | സി) | ദീർഘകാല വരൾച്ച പ്രതിരോധവും കൂടി പരിഗണിച്ചുകൊണ്ട് കുളങ്ങൾ, കിണറുകൾ, കനാലുകൾ എന്നിവ ഉപയോഗ യോഗ്യമാക്കി. സംസ്ഥാനത്താകെ 4752 കുളങ്ങളും 1,93,226 കിണറുകളും ഉപയോഗയോഗ്യമാക്കിയിട്ടുണ്ട്. കൂടാതെ 10 ലക്ഷത്തോളം മഴക്കുഴികൾ നിർമ്മിച്ചിട്ടുള്ളതും 5698 കുഴൽക്കിണറുകൾ നന്നാക്കിയിട്ടുള്ളതുമാണ്. എല്ലാ ജില്ലകളിലേയും ജലലഭ്യത ഉറപ്പുള്ള ചെറുകിട കുടിവെള്ള വിതരണ പദ്ധതികൾ നവീകരിക്കുകയും ഒട്ടനവധി ചെറിയ താല്ക്കാലിക തടയണകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. വരൾച്ചയെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ബോധവത്ക്കരണം നടത്തുന്നതിനും സ്കൂൾ വിദ്യാർത്ഥികളിൽ വരൾച്ചാ അവബോധം സൃഷ്ടിക്കുന്നതിനും ജില്ലാതലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. വളർത്തു മൃഗങ്ങളുടെ സംരക്ഷണത്തിനായി മൃഗസംരക്ഷണ വകുപ്പ് എല്ലാ ജില്ലകളിലും 2 ലക്ഷം രൂപ വീതം ആകെ 28 ലക്ഷം രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത തുക അടിയന്തിരഘട്ടങ്ങളിൽ മരുന്ന്, ഫ്ലൂയിഡുകൾ, വൈറ്റമിനുകൾ എന്നിവ വാങ്ങുന്നതിനായാണ് നൽകിയിട്ടുള്ളത്. വരൾച്ച നേരിടുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ മൃഗസംരക്ഷണ വകുപ്പ് ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ആവശ്യമായ ധാതു, ലവണ മിശ്രിതം വാങ്ങുന്നതിനും അത് എല്ലാ |

| | | | |
|---|---|---|---|
| | | | പഞ്ചായത്തിലുമുള്ള മൃഗാശുപത്രി വഴി വിതരണം നടത്തുന്നതിനുമായി 2 കോടി രൂപയുടെ സപ്ലൈ ഓർഡർ കേരള ഫീഡ്സ് ലിമിറ്റഡിന് (KFL)-ന് നൽകിയിട്ടുള്ളതും ധാതു, ലവണ മിശ്രിതത്തിന്റെ വിതരണം കെ.എഫ്.എൽ. ആരംഭിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

**Abstract**

Disaster Management Department – All districts of Kerala - declared as drought affected - Orders issued.

**DISASTER MANAGEMENT (REVENUE - K) DEPARTMENT**

G.O(P) No. **555/2016/DMD** Dated, Thiruvananthapuram. **31/10/2016**

Read: 1) Manual for Drought Management 2009, Ministry of Agriculture, Government of India
2) National Disaster Management Guidelines, Management of Drought 2010. National Disaster Management Authority
3) Minutes of Kerala State Disaster Management Authority (KSDMA) held on 28-10-2016

**ORDER**

After careful evaluation of the deficit in South West Monsoon season, the prevailing deficit in the North East Monsoon season, ground water condition and other available early indicators of impending drought severity in the State, the Kerala State Disaster Management Authority (KSDMA) has recommended for the declaration of drought in all districts in the State.

(2) Based on the decision of the Kerala State Disaster Management Authority, all 14 districts in the State are declared as meteorologically drought affected.

(By order of the Governor)
**P.H KURIAN**
Principal Secretary to Government

To,

All Secretaries
All District Collectors
The Commissioner of Land Revenue, Tvpm
All Members of KSDMA
All Heads of Departments in State Government
The Member Secretary, KSDMA, Revenue Complex, Tvpm
The Principal Accountant General (Audit) Kerala, Tvpm
The Accountant General (A&E) Kerala, Thiruvananthapuram

Stock File Office Copy

Copy to

PS to Chief Minister

PS to All Ministers

Additional Secretary to Chief Secretary

CA to Deputy Secretary (Revenue & DM)

CA to Principal Secretary (Revenue and DM)

Revenue K1, K2 & K4 seats (for necessary action)

Forwarded/By order

Section Officer

1

**കേരള സർക്കാർ**

**ഡിസാസ്റ്റർ മാനേജ്മെന്റ് ([illegible] - കെ) വകുപ്പ്**

**പരിപത്രം**

നമ്പർ.42830/കെ3/2016/ഡി.എം.ഡി. തീയതി, തിരുവനന്തപുരം, 31/10/2016

വിഷയം:- ദുരന്ത നിവാരണ വകുപ്പ് - വരൾച്ച 2016-17 – വരൾച്ചാ പ്രതിരോധ / പ്രതികരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 28.10.2016 തീയതിയിൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ യോഗത്തിന്റെ മിനിട്സ്

സംസ്ഥാനത്ത് വരൾച്ച നേരിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും അടിയന്തിര വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ദുരന്ത നിവാരണ നിധിയിൽ നിന്നും തുക ചെലവഴിക്കുന്നതിനും താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) ജല ഉപയോഗം കുറയ്ക്കുക, പുനരുപയോഗത്തിനു ഊന്നൽ നൽകുക. ജലം പാഴാക്കാതിരിക്കുക.
2) വെള്ളം ഉപയോഗിക്കുന്നതിന് ഈ മുൻഗണനാ ക്രമം പാലിക്കുക - കുടിവെള്ളം, ഗാർഹിക ഉപയോഗം, വളർത്തു മൃഗങ്ങൾക്ക്, വന്യജീവികൾക്ക്, കൃഷിക്ക്, വ്യവസായത്തിന്. ഈ ക്രമം 2017 മെയ് മാസം വരെ പാലിക്കുക.
3) പരമ്പരാഗത സ്ഥിര ജലസ്രോതസുകൾ ഇല്ലാത്ത ഗ്രാമങ്ങൾക്ക് വരൾച്ച പ്രതികരണ-പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ഊന്നൽ നൽകുക.
4) ജില്ലാ കളക്ടർമാർ അടിയന്തിരമായി ജനപ്രതിനിധികളുടെയും, ഉദ്യോഗസ്ഥരുടെയും യോഗം ജില്ലയുടെ ചുമതലയുള്ള മന്ത്രിയുടെ സാന്നിധ്യത്തിൽ വിളിക്കേണ്ടതും കുടിവെള്ള ലഭ്യത ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്. ഡെപ്യൂട്ടി കളക്ടർമാർക്ക് വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി, ഓരോ താലൂക്കുകളുടെയും ചുമതല നൽകാവുന്നതാണ്.
5) ചില സ്ഥലങ്ങളിൽ നിയമവിരുദ്ധമായി ജലം ചോർത്തുന്നതായി കാണുന്നു. ഇത് തടയുന്നതിനായി ജില്ലാ കളക്ടറുടെ ചുമതലയിൽ പരിശോധനകൾ നടത്തേണ്ടതുണ്ട്. പൊതു ജനങ്ങളെ ഈ കാര്യത്തിൽ ബോധവൽക്കരിക്കേണ്ടതുമാണ്.
6) വരൾച്ചയെ കുറിച്ച് പൊതു ജനങ്ങളെ ബോധവൽക്കരിക്കേണ്ടതുണ്ട്. കൂടുതൽ ജല സംരക്ഷണ മാർഗങ്ങൾ അവലംബിക്കുന്നതിനായി പ്രോത്സാഹിപ്പിക്കേണ്ടതുമുണ്ട്. കുടിവെള്ളം ഒരു കാരണവശാലും വാഹനങ്ങൾ കഴുകുന്നതിനു ഉപയോഗിക്കരുത്. വെള്ളം പുനർ ഉപയോഗിക്കുന്നത് ഒരു സ്വഭാവം ആയി മാറ്റേണ്ടതുണ്ട്. ഉദാ: അടുക്കളയിൽ നിന്ന് പുറത്തു കളയുന്ന വെള്ളം ചെടികൾ നനയ്ക്കുന്നതിന് വിനിയോഗിക്കാം. ഇതിനാവശ്യമായ സന്ദേശങ്ങൾ ജല വിഭവ വകുപ്പ് പൊതുജന താല്പര്യാർത്ഥം നൽകേണ്ടതാണ്.
7) ദിനം പ്രതിയുള്ള മഴയുടെ അളവ്, ജല ലഭ്യത, താപനില എന്നിവ ജില്ലാ കളക്ടർ നിരീക്ഷിക്കേണ്ടതുണ്ട്.
8) സംസ്ഥാന ദുരന്ത ലഘൂകരണ ആസൂത്രണ രേഖയിൽ പ്രതിപാദിച്ചിട്ടുള്ള ശുദ്ധജല കിയോസ്കുകൾ (Water Kiosk) സംസ്ഥാനത്തെ എല്ലാ വാർഡുകളിലും (ഒരു വാർഡിൽ ഒന്ന് എന്ന തോതിൽ)

അതാത് തദ്ദേശ ഭരണസ്ഥാപനങ്ങളോട് ആലോചിച്ചതിന് ശേഷം സ്ഥാപിക്കുക. ഇവയിലേക്ക് ജല അതോറിറ്റി സ്രോതസ്സുകളിൽ നിന്നും [illegible] കളക്ടറുടെ മേൽനോട്ടത്തിൽ ജലം ആവശ്യമനുസരിച്ച് എത്തിക്കുക. ഒരു വാർഡിൽ ആവശ്യമില്ലെങ്കിൽ അതാത് തദ്ദേശ സ്വയംഭരണ പ്രദേശത്ത് മറ്റൊരു വാർഡിലേക്ക് മാറ്റിനൽകാവുന്നതാണ്. ടാങ്കർ ലോറിയിലൂടെയുള്ള ജല വിതരണം പരമാവധി ഈ കിയോസ്കുകളിലേക്ക് പരിമിതപ്പെടുത്തണം. സംസ്ഥാന ദുരന്ത ലഘൂകരണ ആസൂത്രണ രേഖയിലെ സെക്ഷൻ 3.9.4 ഇൽ ഇത്തരം പ്രവർത്തനങ്ങളെ കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഇതിനാവശ്യമായി വരുന്ന തുക ജില്ലാ നിർമ്മിതി കേന്ദ്രത്തെയോ, വാട്ടർ അതോറിറ്റിയെയോ, പൊതുമരാമത്ത് വകുപ്പിനെയോ ഉപയോഗിച്ച് കണക്കാക്കിയതിന് ശേഷം സർക്കാർ അനുമതിക്കായി സമർപ്പിക്കുക.

9) ഒരു പ്രദേശത്ത് ജല ലഭ്യത ഇല്ലാതാകുകയും, അത്തരം പ്രദേശത്ത് ഇതുവരെ കിയോസ്കുകൾ ഇല്ലാത്ത സാഹചര്യത്തിലും അത്യാവശ്യഘട്ടത്തിൽ മാത്രമേ ടാങ്കർ മുഖേനയുള്ള ജല വിതരണം നടത്താൻ പാടുള്ളൂ. ജില്ലാ കളക്ടറുടെ ഉത്തരവിന് ശേഷമേ ടാങ്കർ ലോറിയുടെ സേവനം ലഭ്യമാക്കാവൂ. മുൻകൂട്ടി അച്ചടിച്ച ട്രിപ്പ് ഷീറ്റ് കർശനമായി ഉപയോഗിക്കേണ്ടതാണ്. ഈ ട്രിപ്പ് ഷീറ്റുകൾ തദ്ദേശ-സ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥർ, വില്ലേജ് ഓഫീസർ, വാർഡ് മെമ്പർ/വാർഡ് കൗൺസിലർ എന്നിവർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ജല വിതരണത്തിനായി ഉപയോഗിക്കുന്ന ലോറികളിൽ GPS ഘടിപ്പിച്ച് ജില്ലാ അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രം നിരീക്ഷിക്കുകയും, GPS-ൽ നിന്നുള്ള ട്രിപ്പ് ഷീറ്റ് അനുസരിച്ച് മാത്രം തുകയുള്ള പണം നൽകുകയും ചെയ്യേണ്ടതാണ്. ആലപ്പുഴ ജില്ലയിൽ ഇത് മാതൃകാ പരമായ രീതിയിൽ കഴിഞ്ഞ വർഷം നടപ്പിലാക്കി. വരൾച്ച കുടിവെള്ള വിതരണം എന്ന ശീർഷകത്തിൽ അനുവദിക്കുന്ന പണത്തിൽ നിന്നും പ്രസ്തുത പ്രവർത്തികൾ നടപ്പാക്കേണ്ടതാണ്.

10) വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അടിസ്ഥാന നിർമ്മാണ/മരാമത്ത് പണികൾ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി, കുടിവെള്ളം ഉറപ്പുവരുത്താൻ നടത്താവുന്നതാണ്. ജില്ലാ കളക്ടർക്ക് ഒരു ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾക്കായി സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ നടത്താവുന്നതാണ്. എന്നാൽ ഈ പ്രവർത്തനങ്ങൾക്ക് ജില്ലക്ക് വരൾച്ച പ്രതിരോധത്തിന് പ്രത്യേക ഉത്തരവ് പ്രകാരം അനുവദിക്കുന്ന സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ 10%ൽ കൂടുതൽ ചിലവാക്കരുത്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ 31-12-2016 ന് മുൻപ് കർശനമായും തീർക്കേണ്ടതാണ്.

11) കേരളസംസ്ഥാന ജല വിതരണ നിയമം 2003, Sec 36 A (2), 46 (ബി), 52 (എ), 61 (എ) എന്നിവ പാലിക്കേണ്ടതാണ്. ഇത് നടപ്പിലാക്കുന്നതിനായി റവന്യൂ, പോലീസ്, തദ്ദേശ സ്വയം ഭരണം, കേരള ജല അതോറിറ്റി എന്നീ വകുപ്പുകളിൽ നിന്ന് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പരിശോധന ടീമിനെ നിയമിക്കാവുന്നതാണ്.

12) സ്വകാര്യ ജലസ്രോതസ്സുകൾ ഏറ്റെടുക്കുന്നത് ആവശ്യമെങ്കിൽ കർശനമായ പോലീസ് കാവലും പ്രാദേശിക ജനങ്ങളുടെയും ജനപ്രതിനിധികളുടെയും സഹകരണവും ഉറപ്പാക്കേണ്ടതാണ്.

13) ജില്ലാ അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രം വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നടപ്പാക്കിയ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് എല്ലാ ആഴ്ചയും seoc.gok@gmail.com, sdmacontrolroom@gmail.com & revenuedmdk@gmail.com എന്നീ ഇ-മെയിൽ വിലാസങ്ങളിലേക്ക് അയക്കേണ്ടതാണ്.

14) സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾക്ക് പുറത്തുള്ള പദ്ധതികൾ അതാത് വകുപ്പുകൾ വഴി സർക്കാരിന് സമർപ്പിക്കേണ്ടതാണ്. ഇത് ദുരന്തനിവാരണ വകുപ്പിന് ഒരു കാരണവശാലും സമർപ്പിക്കേണ്ടതില്ല.

15) തൊഴിലുറപ്പ് (MGNREGS) പദ്ധതിയിലെ ഫണ്ടിൽ നിന്ന് ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കേണ്ടതാണ്. മലപ്പുറം ജില്ലയിൽ 2012-13 ലും വയനാട് ജില്ലയിൽ 2015-16 ലും നടപ്പിലാക്കിയ വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾ ഇതിനുദാഹരണമാണ്. സംസ്ഥാന

ദുരന്തലഘൂകരണ ആസൂത്രണ രേഖയിലെ സെക്ഷൻ 3.9-ൽ ഇത്തരം പ്രവർത്തനങ്ങളെ കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

16) ജല വിതരണത്തിനായി ഉപയോഗിക്കുന്ന ജല സ്രോതസുകളിൽ '<u>ജല ശുദ്ധീകരണം ഉള്ള</u>' എന്ന് ഉറപ്പുവരുത്തേണ്ടതും, ഉപയോഗയോഗ്യമാണെന്ന് കേരള ജല അതോറിറ്റിയോ ഭക്ഷ്യ സുരക്ഷാ വകുപ്പോ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

17) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും, ജലനിധിയും '<u>ജല ദുരുപയോഗം ഇല്ലാതാക്കുക, പുനരുപയോഗത്തിന് ഊന്നൽ നൽകുക, ജലം പാഴാക്കാതിരിക്കുക, തുലാവർഷത്തിൽ ലഭ്യമാകുന്ന മഴ പൂർണമായും ഭൂമിയിൽ ആഴ്ന്നിറങ്ങുവാൻ വേണ്ടി എല്ലാ ഇടങ്ങളിലും ഭൂമി കിളച്ച് ഇളക്കിയിടുവാനും കരിയില ഇട്ട് ബാഷ്പീകരണം തടയുവാനും വേണ്ടുന്ന നടപടി എടുക്കുക</u>' എന്ന സന്ദേശങ്ങൾ ഉൾപ്പെടുത്തി വ്യാപകമായ പ്രചാരണം പ്രാദേശികമായി നടത്തുക. തദ്ദേശ സ്വയംഭരണ വകുപ്പ് ഇക്കാര്യത്തിൽ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

18) വരൾച്ച പ്രതിരോധ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഊർജ്ജിതമായി നടത്തണം. വരൾച്ച പ്രതിരോധ പ്രവർത്തനങ്ങളായ ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനും, കനാൽ വൃത്തിയാക്കുവാനും, കുളങ്ങൾ വൃത്തിയാക്കുന്നതിനും വേണ്ടുന്ന പ്രവർത്തനങ്ങൾ തൊഴിലുറപ്പ് (MGNREGS) പദ്ധതിയിലെ ഫണ്ടിൽ നിന്ന് നടത്തേണ്ടുന്നതാണ്. പുറമെ, പ്രാദേശികമായി സന്നദ്ധസംഘടനകളുടെയും (NSS, NCC, Scouts & Guides, Nehru Yuva Kendra etc), ക്ലബ്ബുകളുടെയും സന്നദ്ധ സേവനം ഇതിനായി വിനിയോഗിക്കുക. തദ്ദേശ സ്വയംഭരണ വകുപ്പ് ഇതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

19) സർക്കാർ സ്ഥാപനങ്ങളിലെയും കാര്യാലയങ്ങളിലെയും മഴവെള്ള സംഭരണികൾ അടിയന്തിരമായി ഒരു മാസത്തിനുള്ളിൽ അതാത് വകുപ്പുകൾ തന്നെ പണം ചിലവഴിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്. ഇതിനാവശ്യമായ പണം അതാത് വകുപ്പുകൾ ഉടൻ ലഭ്യമാക്കേണ്ടതാണ്. എല്ലാ വകുപ്പുകളും ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ്.

20) ഭൂഗർഭ ജലവിനിയോഗം 75% കുറയ്ക്കുവാനുള്ള കർശന നിർദേശം ദുരന്ത നിവാരണ നിയമം (2005) സെക്ഷൻ 34 (ജെ) പ്രകാരം എല്ലാ ഭൂഗർഭ ജല വിനിയോഗ വ്യവസായങ്ങൾക്കും നൽകേണ്ടതും, ഇത് നടപ്പിലാക്കുന്നുണ്ടെന്ന് ഭൂജല വകുപ്പ് ഉറപ്പുവരുത്തേണ്ടതുമാണ്.

21) ഭൂഗർഭ ജലവിനിയോഗം കൃഷിക്കായി ഉപയോഗിക്കുന്നത് കുറയ്ക്കുവാൻ കൃഷി വകുപ്പ് കർഷകരെ ബോധവത്കരിക്കേണ്ടതാണ്. കുടിവെള്ളത്തിന് ജല സേചനത്തെക്കാൾ മുൻഗണന നൽകേണ്ടതുണ്ട്.

22) കനാൽ വഴിയുള്ള ജലസേചനത്തിന് മുമ്പായി ജലസേചന വകുപ്പ്, ഭൂഗർഭ ജല വകുപ്പും, കേരള ജല അതോറിറ്റിയുമായി ആലോചിച്ച് അവരുടെ സമ്മതത്തോടുകൂടി മാത്രമേ നടത്തുവാൻ പാടുള്ളൂ.

23) ജില്ലാ വിദ്യാഭ്യാസ ഓഫീസർ എല്ലാ സ്കൂളുകളിലും സ്പെഷ്യൽ അസംബ്ലി വിളിച്ച് കൂട്ടേണ്ടതും കുട്ടികളെ വരൾച്ചയെ കുറിച്ചും, സൂര്യാഘാതം, താപാഘാതം എന്നിവയെ കുറിച്ചും ബോധവത്കരിക്കേണ്ടതുണ്ട്. ഇതിനായി ഭൂമി ശാസ്ത്ര/പരിസ്ഥിതി ശാസ്ത്ര അധ്യാപകനെയോ/ അധ്യാപികയെയോ ചുമതലപ്പെടുത്താവുന്നതാണ്.

24) മൃഗ സംരക്ഷണ വകുപ്പും, ക്ഷീര വികസന വകുപ്പും വരൾച്ചാ പ്രദേശങ്ങളെ മനസ്സിലാക്കുകയും വളർത്തുമൃഗങ്ങൾക്ക് ആവശ്യമായ ജല വിതരണത്തിനുള്ള സജ്ജീകരണങ്ങൾ നടപ്പിലാക്കുകയും ചെയ്യുക.

25) വനം-വന്യജീവി വകുപ്പ്, വന്യ ജീവികൾക്ക് ആവശ്യമായ ജല ലഭ്യത ഉണ്ടെന്ന് ഉറപ്പാക്കേണ്ടതും മനുഷ്യ-മൃഗ സംഘർഷങ്ങൾ ഒഴിവാക്കേണ്ടതും ആണ്.

26) എല്ലാ ജില്ലയിലും ജില്ലാ കളക്ടർമാർ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടതാണ്. ഓരോ ജില്ലയുടെയും വ്യത്യസ്തമായ സ്ഥിതി പരിഗണിച്ച് കൊണ്ടും സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും ജില്ലക്ക് വരൾച്ച പ്രതിരോധത്തിന് പ്രത്യേക ഉത്തരവ് പ്രകാരം അനുവദിക്കുന്ന <u>സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ</u>

<u>ഇക്കാര്യത്തിൽ നിന്നുകൊണ്ട്</u>, ഈ നിർദ്ദേശങ്ങൾക്ക് ആവശ്യമായ ഭേദഗതികൾ ജില്ലാ കളക്ടർക്ക് വരുത്താവുന്നതാണ്.

ഈ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് അതത് ജില്ലകൾക്ക് അനുയോജ്യമായ രീതിയിൽ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്ന കാര്യത്തിൽ ജില്ലാകളക്ടർമാർ നേരിട്ട് മേൽനോട്ടം വഹിക്കേണ്ടതാണ്. ഈ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും അനുവദനീയമായ പ്രവൃത്തികൾക്ക് പ്രത്യേകമായി പണം അനുവദിക്കുന്നതായിരിക്കും.

പി.എച്ച്. കുര്യൻ
പ്രിൻസിപ്പൽ സെക്രട്ടറി

To

എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ആന്റ് ഹെഡ് സയന്റിസ്റ്റ്, സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്റർ, ഐ.എൽ.ഡി.എം., തിരുവനന്തപുരം
എല്ലാ വകുപ്പ് മേധാവികൾക്കും.
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും (ട്രഷറി ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)/(എ & ഇ), കേരളം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് :- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
ഗവ.സെക്രട്ടേറിയറ്റിലെ നിയമ, ധനകാര്യം, പൊതുഭരണം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി.) വകുപ്പ്
ദുരന്ത നിവാരണ വകുപ്പ് (റവന്യൂ - ഡി1, ഡി2, ഡി4) സീറ്റുകൾക്ക് (ആവശ്യ നടപടിക്കായി)

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ

**GOVERNMENT OF KERALA**

Abstract

Disaster Management Department - Drought 2016-17 - Fund allotment under State Disaster Response Fund - Sanctioned - Orders issued.

**DISASTER MANAGEMENT (REVENUE-K) DEPARTMENT**

**G.O(Rt)No.4743/2016/DMD Dated, Thiruvananthapuram, 11th November, 2016**

Read: 1. Minutes of the Kerala State Disaster Management Authority meeting held on 28.10.2016.
2. G.O(P)No.555/2016/DMD dated 31.10.2016.
3. Circular No.42830/K3/2016/DMD dated 31.10.2016.

**ORDER**

In pursuant to the declaration of drought in all the 14 districts of Kerala, Government are pleased to accord sanction to release an amount of Rs.20 crores (Rupees Twenty Crores only) for Drought Mitigation activities to the District Collectors, as detailed below.

| Allotment (Rs. in crore) | | | |
|---|---|---|---|
| **District** | **2245-01-101-99- Drought - Supply of seeds, fertilisers, and agricultural implements** | **2245-01-102-99- Drought - Drinking water supply** | **Total allotment** |
| Thiruvananthapuram | 1.50 | 0.50 | **2.00** |
| Kollam | 1.00 | 0.50 | **1.50** |
| Pathanamthitta | 0.50 | 0.50 | **1.00** |
| Alappuzha | 0.75 | 0.50 | **1.25** |
| Kottayam | 0.75 | 0.50 | **1.25** |
| Idukki | 0.50 | 0.50 | **1.00** |
| Ernakulam | 1.00 | 0.50 | **1.50** |
| Thrissur | 1.50 | 0.50 | **2.00** |
| Palakkad | 1.25 | 0.50 | **1.75** |
| Malappuram | 1.50 | 0.50 | **2.00** |
| Kozhikkode | 0.75 | 0.50 | **1.25** |
| Wayanad | 0.75 | 0.50 | **1.25** |
| Kannur | 0.75 | 0.5 | **1.25** |
| Kasargode | 0.50 | 0.50 | **1.00** |
| **Total** | **13.00** | **7.00** | **20.00** |

[P.T.O.]

3) Fund should be utilised only for the purpose for which it is alloted. The fund should be met from the provisions in the current year's budget. The Utilization Certificate should be furnished to Government.

(By Order of the Governor)

**Praveen S.**

Deputy Secretary to Government

To

All District Collectors
All District Treasury Officers
The Commissioner, Land Revenue, Thiruvananthapuram
The Member Secretary, Kerala State Disaster Management Authority, Revenue Complex, Public Office Building, Thiruvananthapuram
The Principal Accountant General (Audit) Kerala, Thiruvananthapuram
The Accountant General (A&E) Kerala, Thiruvananthapuram
Stock File/Office Copy

Copy to:-

PS to Minister (Revenue & Housing)
PS to Principal Secretary (Revenue & DM)
The Information Officer, Information & Public Realation (Web & New Media) Department

Forwarded/By order

Section Officer

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - സംസ്ഥാനത്തെ കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള ലോണിന്മേലുള്ള ജപ്തി നടപടികൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (എച്ച്) വകുപ്പ്

സ.ഉ.(എം.എസ്)നം.**598/16**/റവ. തിരുവനന്തപുരം, തീയതി, **19.12.2016**

പരാമർശം 1) 5.8.2016 -ലെ സ.ഉ(എം.എസ്)444/16/റവ സർക്കാർ ഉത്തരവ്

## ഉത്തരവ്

വയനാട് ജില്ലയിലെ കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും, ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ കൂടാതെ റവന്യൂ റിക്കവറി ആക്ട്, 1968. 71-ാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് മൂന്ന് മാസത്തേയ്ക്ക് (നവംബർ **2** വരെ) മോറട്ടോറിയം പ്രഖ്യാപിച്ചുകൊണ്ട് പരാമർശം ഒന്ന് പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. സംസ്ഥാനത്തെ വിവിധ ബാങ്കുകളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്തിരുന്ന കർഷകർ വായ്പ തിരിച്ചടവാക്കാത്തതിനെത്തുടർന്ന് അവർക്കെതിരെ ജപ്തി നടപടികൾ സ്വീകരിച്ചതായും കാർഷിക മേഖലയിലെ തകർച്ചയും വിളനാശവും കാരണം കുടിശ്ശികകൾ തിരിച്ചടവാക്കാൻ നിവൃത്തിയില്ലാതെ വിഷമിക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**3.** പ്രസ്തുത സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 2017 മേയ് 31 വരെ മൊറട്ടോറിയം അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി(ഇൻ ചാർജ്ജ്)

1. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
2. എല്ലാ ജില്ലാ കളക്ടർമാർക്കും
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) തിരുവനന്തപുരം
4. രജിസ്ട്രാർ, കേരള ഹൈക്കോടതി ആമുഖ കത്ത് സഹിതം
5. സെക്രട്ടറി, കേരള നിയമസഭ
6. പൊതുഭരണ(**SC**) വകുപ്പ് (ഇനം 530 തീയതി, 14.12.2016)
7. കൃഷി വകുപ്പ്
8. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
9. ധനകാര്യ വകുപ്പ്
10. റവന്യൂ (കെ, എസ്) വകുപ്പ്
11. ഡയറക്ടർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
12. ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ - കെ) വകുപ്പ്**

**പരിപത്രം**

നമ്പർ.45726/കെ3/2016/ഡി.എം.ഡി. തീയതി, തിരുവനന്തപുരം, 17/02/2017

വിഷയം:- ദുരന്ത നിവാരണ വകുപ്പ് - വരൾച്ച 2016-17 – കുടിവെള്ള വിതരണം നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. 31.10.2016-ലെ 42830/കെ3/2016/ഡി.എം.ഡി നമ്പർ പരിപത്രം.
2. ചീഫ് സെക്രട്ടറിയുടെ 15.02.2017-ലെ വീഡിയോ കോൺഫറൻസിന്റെ മിനിട്ട്സ്.

സംസ്ഥാനത്ത് അനുഭവപ്പെടുന്ന രൂക്ഷമായ വരൾച്ചയുടെ പശ്ചാത്തലത്തിൽ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിന് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിക്കുന്നു.-

1) വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നത് പ്രായോഗികമല്ലാത്തതോ അതി രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന ജനവാസം കുറഞ്ഞ മലയോര പ്രദേശങ്ങളിലോ ടാങ്കർ ലോറി വഴി കുടിവെള്ള വിതരണം നടത്തേണ്ട അടിയന്തിര സാഹചര്യം കണക്കിലെടുത്ത് ജില്ലാകളക്ടർമാർക്ക് തങ്ങളുടെ വിവേചന അധികാരം ഉപയോഗിച്ച് അനുമതി നൽകാവുന്നതാണ്. ഇത് സംബന്ധിച്ച് കളക്ടർമാർ വ്യക്തമായ നിബന്ധനകളോടെ ഗ്രാമ പഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ കുടിവെള്ള വിതരണം നടത്തേണ്ടതാണ്. ഇതിനായി GPS ഘടിപ്പിച്ച ടാങ്കർ ലോറികൾ ഉപയോഗിക്കേണ്ടതും പ്രസ്തുത ടാങ്കറുകളുടെ യാത്ര കൃത്യമായി നിരീക്ഷിക്കേണ്ടതും ലോഗ് ബുക്ക്, ട്രിപ്പ് ഷീറ്റ് മുതലായവ കൃത്യമായി പരിശോധിച്ച് റവന്യൂ അധികാരികൾ GPS log ഉപയോഗിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. തഹസീൽദാർ, വില്ലേജ് ഓഫീസർ എന്നിവർക്ക് പ്രസ്തുത പ്രവൃത്തിയുടെ ഏകോപന ചുമതല നൽകേണ്ടതാണ്.
2) ദുരന്ത നിവാരണ നിയമം, 2005 സെക്ഷൻ 34(j) പ്രകാരം ജില്ലാകളക്ടർമാർ ജില്ലകളിലെ 'പാറക്കുളങ്ങൾ' കണ്ടെത്തേണ്ടതും അവ കുടിവെള്ള ഉപയോഗത്തിന് പര്യാപ്തമാണോയെന്ന് പരിശോധിച്ചതിനുശേഷം അവ ഏറ്റെടുക്കുന്നതിനായി നടപടിക്രമം പുറപ്പെടുവിക്കേണ്ടതുമാണ്. കൂടാതെ ഇത്തരം ജല സ്രോതസുകളിൽ നിന്നും മറ്റുള്ളവർ ജല ചൂഷണം നടത്തുന്നത് തടയേണ്ടതുമാണ് .
3) സ്വകാര്യ കുഴൽ കിണർ നിർമ്മാതാക്കൾ പുതിയ കുഴൽ കിണറുകൾ കുഴിക്കുന്നത് 2017 മെയ് മാസം അവസാനം വരെ ദുരന്തനിവാരണ നിയമം അനുസരിച്ച് തടയുന്നതിനുള്ള നടപടി ക്രമങ്ങൾ ജില്ലാകളക്ടർമാർ പുറപ്പെടുവിക്കേണ്ടതാണ്.

4) സൂചന പരിപത്രത്തിലെ ഇനം നമ്പർ [illegible] പ്രകാരം അനുമതി നൽകിയിരുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള കാലാവധി 31.03.2017 വരെ നീട്ടിനൽകാവുന്നതും പ്രസ്തുത തീയതിക്കുള്ളിൽ തന്നെ അവ പൂർത്തീകരിക്കേണ്ടതുമാണ്.

പ്രവീൺ എസ്.
ഡെപ്യൂട്ടി സെക്രട്ടറി

To

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ആന്റ് ഹെഡ് സയന്റിസ്റ്റ്, സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്റർ, ഐ.എൽ.ഡി.എം., തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ & ഇ), കേരളം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് :- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ്
ജല വിഭവ വകുപ്പ്
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി.) വകുപ്പ്
ദുരന്ത നിവാരണ വകുപ്പ് (റവന്യൂ - കെ1, കെ2, കെ4) സീറ്റുകൾക്ക്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ - കെ) വകുപ്പ്**

**പരിപത്രം**

നമ്പർ.45726/കെ3/2016/ഡി.എം.ഡി. തീയതി, തിരുവനന്തപുരം. 20/02/2017

വിഷയം:- ദുരന്ത നിവാരണ വകുപ്പ് - വരൾച്ച 2016-17 – കുടിവെള്ള വിതരണം നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. 31.10.2016-ലെ 42830/കെ3/2016/ഡി.എം.ഡി നമ്പർ പരിപത്രം.
2. ചീഫ് സെക്രട്ടറിയുടെ 15.02.2017-ലെ വീഡിയോ കോൺഫറൻസിന്റെ മിനിട്ട്സ്.
3. 17.02.2017-ലെ 45726/കെ3/2016/ഡി.എം.ഡി നമ്പർ പരിപത്രം

സൂചന (3)ലെ പരിപത്രത്തിലെ ഖണ്ഡിക (3) താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തി നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

"സ്വകാര്യ കുഴൽ കിണർ നിർമ്മാണം നിയന്ത്രിക്കേണ്ടതാണ്. ഭൂഗർഭ ജല വകുപ്പിലെ ജില്ലാ ഉദ്യോഗസ്ഥന്റെ ശുപാർശ അനുസരിച്ച് ആവശ്യമായ പ്രദേശങ്ങളിൽ അതാത് ജില്ലാകളക്ടർമാർക്ക് ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടിന്റെ വ്യവസ്ഥയ്ക്ക് വിധേയമായി നിർമ്മാണം നിർത്തിവയ്ക്കാവുന്നതാണ്."

2) മേൽപ്പറഞ്ഞ നിർദ്ദേശം ചർച്ച ചെയ്യുന്നതിനും വരൾച്ച സംബന്ധിച്ച മറ്റ് വിഷയങ്ങൾ അവലോകനം ചെയ്യുന്നതിനുമായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി **ആഴ്ചയിലൊരിക്കൽ** വീഴ്ച കൂടാതെ ചേരേണ്ടതാണ്.

**പി.എച്ച് കുര്യൻ**
പ്രിൻസിപ്പൽ സെക്രട്ടറി

To

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ആന്റ് ഹെഡ് സയന്റിസ്റ്റ്, സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്റർ, ഐ.എൽ.ഡി.എം., തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ & ഇ), കേരളം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് :- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ചീഫ് [illegible]
റവന്യൂ [illegible]
തദ്ദേശ സ്വയംഭരണ വകുപ്പ്
ജല വിഭവ വകുപ്പ്
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി.) വകുപ്പ്
ദുരന്ത നിവാരണ വകുപ്പ് (റവന്യൂ) [illegible] സീറ്റുകൾക്ക്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

[signature]
സെക്ഷൻ ഓഫീസർ

- 15 -

# GOVERNMENT OF KERALA

## Abstract

Disaster Management Department - Drought 2017 - Fund allotment under State Disaster Response Fund - Sanctioned-Orders Issued

## DISASTER MANAGEMENT (REVENUE K) DEPARTMENT

G.O.(Rt)No.**714**/2017/RD Dated,Thiruvananthapuram,20/02/2017

Read: G.O (P) No.555/2016/DMD dated 31.10.2016

## ORDER

Government are pleased to release an amount of RS.22.5 crore under the Head of Account "2245-01-102-99-D- Drinking Water Supply" under SDRF to the District collectors as per the following schedule.

| District | Amount Sanctioned |
|---|---|
| Thiruvananthapuram | 1,50,00,000 |
| Kollam | 1,50,00,000 |
| Pathanamt hitta | 1,50,00,000 |
| Alappuzha | 1,50,00,000 |
| Kottayam | 1,50,00,000 |
| Idukki | 1,50,00,000 |
| Ernakulam | 1,50,00,000 |
| Thrissur | 1,50,00,000 |
| Palakkad | 2,50,00,000 |
| Malappuram | 1,50,00,000 |
| Kozhikkode | 1,50,00,000 |
| Wayanad | 2,00,00,000 |
| Kannur | 1,50,00,000 |

| | |
|---|---|
| Kasargode | 1,50,00,000 |
| Total | 22,50,00,000 |

Fund should be utilized only for the purpose for which it is allotted. The Amount should be utilized from the current year's budget and utilization certificate should be furnished to Government .

By order of the Governor
S PRAVEEN
DEPUTY SECRETARY

To:- The Commissioner, Land Revenue
All District Collectors
The Principal Accountant General Audit)(A&G), Thiruvananthapuram
The Accountant General Branch Office, Kottayam, Ernakulam, Thissur, Kozhikkode
All District Treasury Officers
Stock File/ Office copy

Copy to :-
Ps to Minister (Revenue)
PS to Principal Secretary (Revenuue & DM)
Information Officer Web & New Media

Forwarded/By order

Section officer

കേരള സർക്കാർ

സംഗ്രഹം

ദുരന്ത നിവാരണ വകുപ്പ്- വരൾച്ച 2016-17- കടിവെള്ള വിതരണം ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

---

ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ – കെ) വകുപ്പ്

സ.ഉ.(സാധാ)നം. **787/2017/ഡി.എം.ഡി.** തീയതി, തിരുവനന്തപുരം, **23 ഫെബ്രുവരി, 2017**

---

പരാമർശം:- 23.02.2017-ന് കൂടിയ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനം

**ഉത്തരവ്**

സംസ്ഥാനത്ത് വരൾച്ചാ പ്രതികരണ പ്രവർത്തനങ്ങളുടെ ഭാഗമായി കുടിവെള്ള വിതരണം നടത്തുന്നതിന് ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) കുടിവെള്ള വിതരണം നടത്തുന്നതിന്റെ സമ്പൂർണ്ണ ഉത്തരവാദിത്വം ഈ ഉത്തരവിലെ clause (5)-ന് വിധേയമായി ജില്ലാ കളക്ടർമാരിൽ നിക്ഷിപ്തമായിരിക്കും. ജില്ലാ കളക്ടർമാർ അതാത് ജില്ലയിലെ വാട്ടർ അതോറിറ്റിയും ഭൂജലവകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് ശുദ്ധജല വിതരണത്തിന്റെ ഉത്തരവാദിത്വം നിർവ്വഹിക്കേണ്ടതാണ്. അതാത് വില്ലേജിലേയും താലൂക്കിലേയും റവന്യൂ അധികാരിയുടെ ഉത്തരവാദിത്വത്തിലായിരിക്കണം കുടിവെള്ള വിതരണം നടത്തേണ്ടത്.

(2) ജില്ലാ തലത്തിൽ ജില്ലാ അടിയന്തിരഘട്ട കാര്യ നിർവ്വഹണ കേന്ദ്രത്തിലും (DEOC) താലൂക്ക് തലത്തിൽ താലൂക്ക് കൺട്രോൾ റൂമുകളിലും പ്രാദേശികമായി ജലവിതരണത്തിന്റെ ആവശ്യകത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ദൈനംദിനം വിളിച്ചറിയിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്

(3) ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിലും കൺട്രോൾ റൂമുകളിലും ലഭിക്കുന്ന പഞ്ചായത്ത്തല /മുനിസിപ്പാലിറ്റി/കോർപ്പറേഷൻ കുടിവെള്ള വിതരണ ആവശ്യകത അതാത് ദിവസം പ്രദേശത്തെ ജനപ്രതിനിധിയുമായി ബന്ധപ്പെട്ട് മുൻഗണനാ ക്രമം നിർണ്ണയിച്ച് റവന്യൂ അധികാരികൾ ഏർപ്പെടുത്തുന്ന GPS ഘടിപ്പിച്ച ടാങ്കറുകളിൽ എത്രയുംവേഗം എത്തിച്ച നൽകേണ്ടതാണ്.

(4) ജില്ലാ കളക്ടർമാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് ചുവടെപ്പറയുന്ന നടപടികൾ ഉടൻ സ്വീകരിക്കേണ്ടതാണ്.

(a) കുടിവെള്ള വിതരണം നടത്തേണ്ടുന്ന പാതകളും പ്രസ്തുത പാതകളിൽ എവിടെയെല്ലാം ജലവിതരണത്തിനായി ടാങ്കർ ലോറികൾ നിർത്തണമെന്നും അതാത് L.S.G കളുമായി ആലോചിച്ച് തീരുമാനിക്കുക.

(b) എവിടെയൊക്കെ വാട്ടർ കിയോസ്കുകൾ സ്ഥാപിക്കണം എന്നത് നിർണ്ണയിക്കുക. വാട്ടർ കിയോസ്കുകൾ ജനസാന്ദ്രത കൂടിയ കോളനികളിലോ ജംഗ്ഷനുകളിലോ സ്ഥാപിക്കുന്നതാണ് ഉചിതം. സജീവ ജലലഭ്യതയുള്ള ജലവിതരണ ശൃംഖലയുള്ള പ്രദേശങ്ങളിൽ വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

(c) വാട്ടർ കിയോസ്കുകൾ ഉള്ളതോ, സജീവ ജലലഭ്യതയുള്ള ജലവിതരണ ശൃംഖലയുള്ളതോ ആയ പ്രദേശങ്ങളിൽ ടാങ്കർ ലോറി നിർത്തി ജലവിതരണം നടത്താതിരിക്കുക.

(d) ഒരു പഞ്ചായത്തിൽ ഒരു ദിവസം പരമാവധി എത്ര തവണ എത്ര ലിറ്റർ ജലവിതരണം നടത്തണം എന്നത് കാലാകാലങ്ങളിൽ നിർണ്ണയിക്കുക.

(e) വാട്ടർ കിയോസ്കുകളിൽ എപ്പോഴും ജലലഭ്യത ഉറപ്പവരുത്തേണ്ടതാണ്.

(f) വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചതിന് ശേഷം ഇവയുടെ പരിപാലന ചുമതല അതാത് തദ്ദേശ

സ്ഥാപനങ്ങൾക്ക് [illegible] ഇത് [illegible] ഉറപ്പുവരുത്തുകയും ചെയ്യുക. ആറ് മാസം കൂടുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥന്മാരോടൊപ്പം വാട്ടർ കിയോസ്കുകൾ പരിശോധിച്ച് കേടുപാടുകൾ സംഭവിച്ചിട്ടില്ല എന്നും [illegible] പകുതി ഭാഗമെങ്കിലും [illegible] എന്നും ഉറപ്പുവരുത്തേണ്ടതാണ്. ഇപ്രകാരം ഒരു [illegible] ജില്ലാ കളക്ടർക്ക് ലഭ്യമാക്കേണ്ടതാണ്. ജില്ലാ കളക്ടർമാർ ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും [illegible] പട്ടികപ്പെടുത്തി തങ്ങളുടെ അഭിപ്രായം സഹിതം സർക്കാരിൽ വീഴ്ചകൂടാതെ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(g) താലൂക്ക് അടിസ്ഥാനത്തിൽ ജലവിതരണം നടത്തുന്നതിന് കിലോമീറ്റർ അടിസ്ഥാനത്തിൽ റേറ്റ് നിർണ്ണയിക്കേണ്ടതാണ്. കിയോസ്കുകളിലേക്ക് ജലം നൽകുന്നതിന് മോട്ടോർ പമ്പുകൾ ഘടിപ്പിച്ച ടാങ്കറുകൾ ആവശ്യമാകും. ഇവയ്ക്ക് പ്രത്യേകമായ നിരക്ക് നിർണ്ണയിക്കാവുന്നതാണ്. നിരക്ക് നിർണ്ണയിക്കുന്നത് സുതാര്യവും നിലവിലുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടും ആയിരിക്കേണ്ടതാണ്. ജില്ലാ കളക്ടർമാർ നിർണ്ണയിക്കുന്ന നിരക്കിനേക്കാളും കുറഞ്ഞ നിരക്കിൽ പഞ്ചായത്തുകൾക്ക് ടാങ്കറുകൾ അവരവരുടെ പ്രദേശത്ത് ലഭ്യമാക്കുവാൻ സാധിക്കുന്ന പക്ഷം പ്രസ്തുത ടാങ്കറുകളിൽ ജല വിതരണം നടത്താവുന്നതാണ്. ജലവിതരണത്തിനുപയോഗിക്കുന്ന എല്ലാ ടാങ്കറുകളിലും GPS ഘടിപ്പിക്കേണ്ടതും എല്ലാ ദിവസവും ഈ ടാങ്കറുകളുടെ ഉപയോഗം ജില്ലാ അടിയന്തിരഘട്ട കാര്യ നിർവ്വഹണ കേന്ദ്രത്തിൽ (DEOC) നിന്നും നിരീക്ഷിക്കേണ്ടതുമാണ്.

(h) വാട്ടർ അതോറിറ്റിയുടെ സ്രോതസ്സുകളിൽ നിന്നോ വാട്ടർ അതോറിറ്റി അംഗീകരിച്ച സ്വകാര്യ ശുദ്ധജല സ്രോതസ്സുകളിൽ നിന്നോ എടുക്കുന്ന ജലത്തിന് പണം നൽകേണ്ടതില്ല. സ്വകാര്യ സ്രോതസ്സുകളാണ് ഉപയോഗപ്പെടുത്തുന്നതെങ്കിൽ ദുരന്ത നിവാരണ നിയമം 2005, സെക്ഷൻ 34(ജെ) പ്രകാരം ഈ സ്രോതസ്സുകളെ വരൾച്ചാ പ്രതിരോധത്തിനായി ഏറ്റെടുത്തുകൊണ്ട് നടപടിക്രമം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ അദ്ധ്യക്ഷൻ/അദ്ധ്യക്ഷ പുറപ്പെടുവിക്കേണ്ടതാണ്. സ്വകാര്യ സ്രോതസ്സുകളിലെ ജലം കുടിക്കുവാൻ യോഗ്യമാണോ എന്ന് ജല അതോറിറ്റിയോ, ഭക്ഷ്യസുരക്ഷാ വകുപ്പോ, ആരോഗ്യ വകുപ്പോ, Centre for Water Resources Development and Management-ന്റേ (CWRDM) പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

(i) ജല വിതരണം നടത്തുന്ന പ്രദേശത്ത് ജലവിതരണം നടത്തി എന്നതിന്റെ തെളിവായി പ്രദേശത്തെ വാർഡ് മെമ്പറും, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയും, വില്ലേജ് ഓഫീസറും ദൈനംദിന ട്രിപ്പ് ഷീറ്റ് സാക്ഷ്യപ്പെടുത്തേണ്ടുന്നതാണ്.

(j) ജലവിതരണം നടത്താനുപയോഗിച്ച ടാങ്കറിന്റെ വാടക ടാങ്കർ ഉടമസ്ഥർക്ക് നൽകുന്നത് GPS ലോഗും, ഖണ്ഡിക 4 (ഐ)-യിൽ പ്രതിപാദിച്ചിട്ടുള്ള ട്രിപ്പ് ഷീറ്റും ഒത്തു നോക്കി കിലോമീറ്റർ GPS ലോഗിൽ നിന്നും നിർണ്ണയിച്ചതിന് ശേഷം ട്രിപ്പ് ഷീറ്റ് പരിശോധിച്ച് അതാത് ദിവസം ട്രിപ്പ് നടന്നിട്ടുണ്ട് എന്നത് ഉറപ്പുവരുത്തിയതിനു ശേഷമായിരിക്കണം.

(5) അതാത് ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ കുടിവെള്ളം ആവശ്യത്തിന് ലഭ്യമായിട്ടുള്ള പക്ഷം പ്രസ്തുത പ്രദേശങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരവരുടെ സംവിധാനം ഉപയോഗിച്ച് ആവശ്യാനുസരണം അവരവരുടെ പൂർണ്ണ നിയന്ത്രണത്തിൽ ജലവിതരണം നടത്താവുന്നതാണ്.

(6) കേരള വാട്ടർ അതോറിറ്റി, ജില്ലാ ഭരണകൂടം ആവശ്യപ്പെടുന്ന അളവിൽ ടാങ്കർ ലോറികളിൽ വിതരണം നടത്തുന്നതിന് അവരുടെ സ്രോതസ്സിൽ നിന്നും ജില്ലകൾക്ക് സൗജന്യമായി ലഭ്യമായ പരമാവധി അളവിൽ ജലം ഉറപ്പുവരുത്തേണ്ടുന്നതാണ്. ഇതിനുള്ള ജലത്തിന്റെ സർചാർജ്ജ് വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നേരിട്ട് സർക്കാരിൽ നിന്നും അനുവദിക്കുന്നതാണ്. അതാത് മാസത്തിൽ ജില്ലാ ഭരണകൂടത്തിന് ടാങ്കറുകൾ വഴി വിതരണം ചെയ്യുവാൻ ലഭ്യമാക്കിയ ജലത്തിന്റെ അളവും അതിന്റെ സർചാർജ്ജും ജില്ലതിരിച്ചുള്ള പട്ടിക പ്രകാരം സർക്കാരിനെ അറിയിക്കേണ്ടതാണ്.

(7) കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ എല്ലാം സുതാര്യമായ രീതിയിൽ മേൽ പരാമർശിച്ചിട്ടുള്ള എല്ലാ ചട്ടങ്ങളും നടപടിക്രമങ്ങളും പാലിച്ചുകൊണ്ടും ആയിരിക്കണം. 2245-01-102-99-Drought Drinking Water Supply എന്ന ശീർഷകത്തിൽ കുടിവെള്ള വിതരണത്തിനായി അനുവദിച്ചിട്ടുള്ള തുക ജില്ലാ കളക്ടർമാർ നേരിട്ട് നടത്തുന്ന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്.

(8) സംസ്ഥാന തലത്തിൽ മേൽ പ്രവർത്തനങ്ങൾ ലാന്റ് റവന്യൂ കമ്മീഷണർ നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യേണ്ടതും വീഴ്ചകൾ യഥാസമയം സർക്കാരിനെ അറിയിക്കേണ്ടതുമാണ്

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**പി. എച്ച്. കുര്യൻ**

പ്രിൻസിപ്പൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
മാനേജിംഗ് ഡയറക്ടർ , കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
ഡയറക്ടർ, നഗരകാര്യ വകുപ്പ്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, റവന്യൂ കോംപ്ലക്സ്, പബ്ലിക്ക് ഓഫീസ് ബിൽഡിംഗ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ ) കേരളം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് :- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ജല വിഭവ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
ജല വിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്
ആഭ്യന്തര വകുപ്പ്
ജല വിഭവ വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്
ആരോഗ്യ വകുപ്പ്
കൃഷി വകുപ്പ്
ധനകാര്യ വകുപ്പ്
വിവര പൊതുജന (വെബ് & ന്യൂ മീഡിയ) വകുപ്പ്
റവന്യൂ (കെ.4) സീറ്റ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ